പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2467 — 08.12.2015 ൽ മറുപടിയ്ക്ക്

## കുറ്റകൃത്യങ്ങൾ തടയാൻ ബോധവല്ക്കരണ പരിപാടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.യു. കുരുവിള** | **ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) വിദ്യാർത്ഥി-യുവജന വിഭാഗങ്ങളിൽ വളർന്നു വരുന്ന കുറ്റകൃത്യങ്ങൾ തടയുവാൻ യുവജനക്ഷേമ വകുപ്പ് വഴി ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) യുവജനകമ്മീഷൻ 2014-15 മുതൽ മദ്യം മയക്കുമരുന്ന് ദുരുപയോഗം,റാഗിംഗ്,സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരേയും റോഡ് സുരക്ഷ,മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടത്തി വരുന്നുണ്ട്. |
| ബി) എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകൾ കേന്ദ്രീകരിച്ച് യുവജന കലാ സമിതികളും ജാഗ്രതാ സമിതികളും രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ബി) ഗ്രാമപഞ്ചായത്ത് വാർഡുകൾ കേന്ദ്രീകരിച്ച് യുവജന കലാ സമിതികളും ജാഗ്രതാ സമിതികളും രൂപീകരിക്കുന്ന കാര്യം തൽക്കാലം കമ്മീഷന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ